പണംകൊണ്ട് വാങ്ങാൻ കഴിയാത്ത എന്തുണ്ട് എന്ന ആസൂത്രണകമ്മീഷൻ ഉപാധ്യക്ഷൻ മൊണ്ടേക് സിങ് അലുവാലിയയുടെ ചോദ്യത്തിന് പണം വാരിയെറിഞ്ഞാലും കിട്ടാത്ത അമൂല്യമായ പലതുമുണ്ടെന്ന് ചെറുവയൽ രാമനെന്ന ആദിവാസി കർഷകൻ ചെറുചിരിയോടെ പറയുന്നത് പ്രകൃതിയുടെ ആത്മാവിൽ കൈ ചേർത്തുവച്ചാണ്. നെൽക്കൃഷി ലാഭകരമല്ലാത്തതിനാൽ ഉപേക്ഷിക്കണമെന്നും പകരം റബർ നടുകയോ റിയൽ എസ്റ്റേറ്റ് ബിസിനസിൽ ഏർപ്പെടുകയോ വേണമെന്നും ഉപദേശിക്കു





**നെൽക്കൃഷി ലാഭകരമല്ലാത്തതിനാൽ ഉപേക്ഷിക്കണമെന്നും പകരം റബർ നടുകയോ റിയൽ എസ്റ്റേറ്റ് ബിസിനസിൽ ഏർപ്പെടുകയോ വേണമെന്നും ഉപദേശിക്കുന്ന ആസൂത്രണ വിദഗ്ധർ കാണാത്ത പാരമ്പര്യ നാട്ടറിവുകളും അമൂല്യജൈവ സമ്പത്തുമാണ് അസാധാരണ കാര്യങ്ങൾ ചെയ്യുന്ന ചെറുവയൽ രാമൻ എന്ന സാധാരണ ആദിവാസി കർഷകൻ കാത്തുവയ്ക്കുന്നത്. പൂർവിക വിശ്വാസങ്ങളും അറിവുകളും ഇളമുറക്കാർക്ക് പകർന്നുനൽകുന്ന സ്നേഹത്തിന്റെയും പ്രതിരോധത്തിന്റെയും പാരമ്പര്യത്തിന്റെയും വിത്തുകളാണ് രാമന്റെ വയലുകളിൽ മുളപൊട്ടുന്നത്.**

ന്ന ആസൂത്രണ വിദഗ്ധർ കാണാത്ത പാരമ്പര്യ നാട്ടറിവുകളും അമൂല്യജൈവ സമ്പത്തുമാണ് അസാധാരണ കാര്യങ്ങൾ ചെയ്യുന്ന ചെറുവയൽ രാമൻ എന്ന സാധാരണ ആദിവാസി കർഷകൻ കാത്തുവയ്ക്കുന്നത്. പൂർവിക വിശ്വാസങ്ങളും അറിവുകളും ഇളമുറക്കാർക്ക് പകർന്നുനൽകുന്ന സ്നേഹത്തിന്റെയും പ്രതിരോധത്തിന്റെയും പാരമ്പര്യത്തിന്റെയും വിത്തുകളാണ് രാമന്റെ വയലുകളിൽ മുളപൊട്ടുന്നത്. ഉത്പാദന മികവിന് വേണ്ടി ജനിതക വിത്തുകൾ പ്രയോഗിച്ച് ചതിക്കുഴിയിലായ കർഷകർക്ക് മുമ്പിൽ, അതിജീവനത്തിന് പ്രകൃതി കനിഞ്ഞരുളിയ കാട്ടുവിത്തുകൾ കൃഷി ചെയ്തും സംരക്ഷിച്ചും രാമൻ ഉദാത്തമാതൃകയാകുന്നു.

ലോകം കടുത്ത ഭക്ഷ്യപ്രതിസന്ധിയിലേക്ക് നീങ്ങുന്ന ഈ കാലഘട്ടത്തിലാണ് ജീവിക്കാനുള്ള അന്നം ഉൽപാദിപ്പിച്ചും അവ ഭാവി തലമുറയ്ക്ക് കൈമാറിയും രാമൻ കാർഷിക പൈതൃകം കാത്തുസൂക്ഷിക്കുന്നത്. (രാജ്യത്തെ 200 കോടി ഗ്രാമീണർ മതിയായ ഭക്ഷ്യധാന്യം കിട്ടാത്തതിനാൽ അർദ്ധപട്ടിണിക്കാരാണ്)

പത്ത് വയസ്സിൽ ആരംഭിച്ച കൃഷി 64-ലും രാമൻ പിന്തുടരുന്നു. ചെന്നെല്ല്, കണ്ണി ചെന്നെല്ല്, വെളിയൻ, ചേറ്റ് വെളിയൻ, മരതൊണ്ടി, ചെന്നൽതൊണ്ടി, ചെമ്പകം, ചെന്തൊണ്ടി, ചെന്താടി, മുണ്ടകൻ, ചോമാല, പാൽവെളിയൻ, അടുക്കൻ, കോതാണ്ടൻ, വെളുമ്പാല, കരിമ്പാലൻ, വെള്ളിമുത്ത്, കുറുമ്പാളി, ഗന്ധകശാല, ജീരകശാല, കയമ, ഉരുണി കയമ, കുറുവ, കറുത്തൻ, തവളക്കണ്ണൻ, കൊടുവെളിയൻ, ഓണമൊട്ടൻ, ഓണചണ്ണ, പാൽതൊണ്ടി മട്ട, പാൽതൊണ്ടി വെള്ള, ഒമ്പതാം തൊണ്ടി, ഒമ്പതാം പുഞ്ച, കല്ലടിയാരൻ, ഓക്കൻ പുഞ്ച, തുടങ്ങിയ നാൽപ്പതിലധികം നെൽവിത്തുകൾ രാമന്റെ പക്കലുണ്ട്. സംസ്ഥാനത്ത് തന്നെ ഇത്രയധികം നെൽവിത്തുകൾ ശേഖരിച്ച് സംരക്ഷിച്ചുവരുന്ന മറ്റൊരു കർഷകനുണ്ടാകാനിടയില്ല. അതുകൊണ്ടാണ് സംസ്ഥാനത്തിനകത്തും പുറത്തും നിന്നുമായി നാട്ടറിവുകൾ തേടി കൃഷിസ്നേഹികൾ ചുരം കയറുന്നത്. വിദേശത്തെ വൻകിട ബഹുരാഷ്ട്ര കുത്തക കമ്പനികളിലെ ഉദ്യോഗം വേണ്ടെന്നുവച്ച് കൃഷിയിലേക്കിറങ്ങിയവർ മുതൽ ജനപ്രതിനിധികളും ഭരണകർത്താക്കളും ഉൾപ്പെടെയുള്ളവർ വരെ രാമന്റെ ശിഷ്യരും സുഹൃത്തുക്കളുമാണ്. ഡോ. ടി. എം. തോമസ് ഐസക് (എം.എൽ.എ) രാമന്റെ വീട്ടിലെ സന്ദർശക പുസ്തകത്തിൽ എഴുതിയ വാക്കുകൾ ഇതിന് തെളിവാണ്. "രാമൻ, താങ്കളുടെ വീട്ടിൽ വരാൻ കഴിഞ്ഞതിൽ സന്തോഷവും അഭിമാനവും ഉണ്ട്. നാടിന്റെ ഏറ്റവും വലിയ സമ്പത്തായ ജനിതക വൈവിധ്യം സംരക്ഷിക്കുന്നതിൽ താങ്കൾ ഞങ്ങൾക്കെല്ലാം മാതൃകയാണ്."

ടി. എൻ. പ്രതാപൻ എം.എൽ എ.യും രാമന്റെ കൈയിൽനി

ന്നും 16-ൽപരം നെൽവിത്തുകൾ വാങ്ങി കൃഷിചെയ്തിട്ടുണ്ട്. ഇവർക്ക് മാത്രമല്ല ആവശ്യമുള്ള ആർക്കും രാമൻ സൗജന്യമായി വിത്തുകൾ കൈമാറും. ഒറ്റ ഉറപ്പ് മാത്രം. വിളവിൽ കുറച്ച് വിത്തായി മടക്കിക്കിട്ടണം. ഇങ്ങനെ പറയുന്നതിന് പിന്നിൽ മൂന്ന് ലക്ഷ്യങ്ങളുണ്ടെന്ന് രാമൻ പറയുന്നു. കൃഷി ചെയ്യാൻ പ്രേരിപ്പിക്കുക, കൃഷിയിലൂടെ ബന്ധം നിലനിർത്തുക, വാക്ക് പാലിച്ച് വിശ്വാസ്യത ഉറപ്പ് വരുത്തുക.

പ്രകൃതിയുടെ വിത്ത് സംരക്ഷിക്കേണ്ട ബാധ്യത പ്രകൃതിക്കാണ്. അതാണ് തനത് വിത്തുകൾ കാലാവസ്ഥയെ പ്രതിരോധിക്കുന്നതെന്ന് ഇദ്ദേഹം പറയുന്നു. ഏഴ് ദിവസം വെയിലും മഞ്ഞും കൊള്ളിച്ചുണക്കിയ വിത്തുകൾ മുളയും വൈക്കോലും ചേർത്ത് മെടഞ്ഞെടുത്ത വല്ലം എന്ന് വിളിക്കുന്ന കൂടകളിൽ കോറത്തുണിയിലാണ് സൂക്ഷിക്കുന്നത്. പ്രകൃതിക്ക് ഇണങ്ങുന്ന രീതിയിൽ മാത്രമേ ജീവിക്കൂ എന്ന നിശ്ചയദാർഢ്യമാണ് ഈ കർഷകനെ വ്യത്യസ്തനാക്കുന്നത്. വൈക്കോൽ മേഞ്ഞ് ചാണകവും കരിയും ഉപയോഗിച്ച് മെഴുകിയ രാമന്റെ വീട് വയനാട്ടിലെ അപൂർവം കാഴ്ചകളിലൊന്നാണ്.

ജൈവസമ്പത്ത് സംരക്ഷിക്കാൻ നടത്തുന്ന ഇടപെടലുകൾക്ക് നിരവധി പുരസ്കാരങ്ങളും രാമനെ തേടിയെത്തി. പാരമ്പര്യ വിത്തുകളുടെ സംരക്ഷണ തിന് ജൈവവൈവിധ്യ ബോർഡ ന്റെ സംസ്ഥാന അവാർഡ്, 2012 പി വി തമ്പി അവാർഡ് എ വയും രാമന് ലഭിച്ചു.

1979ൽ എടവക പഞ്ചായ മെമ്പറായി ഭരണരംഗത്തും ാന്നിധ്യമറിയിച്ചു. നല്ലൂർനാട് സഹകരണബാങ്ക് ഡയറക്ടർ, പട്ടികജാതി, പട്ടികവർഗ ലേബർ കോൺട്രാക്ടിങ് സൊസൈറ്റി ഡയറക്ടർ, ഗിരിജൻ സഹകരണസംഘം സെക്രട്ടറി, പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചു. പുരോഗമന രാഷ്ട്രീയ പ്രതിബദ്ധതയുള്ള രാമൻ കർഷകതൊഴിലാളി യൂണിയൻ, കർഷകസംഘം ജില്ലാ കമ്മിറ്റി അംഗമായിരുന്നു. നല്ലൂർനാട് സഹകരണബാങ്ക് ഡയറക്ടർ, എസ്സി, എസ്ടി ലേബർ കോൺട്രാക്ട് സൊസൈറ്റി ഡയറക്ടർ, ഗിരിജൻ സഹകരണസംഘം സെക്രട്ടറി, പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു.

പത്തുവയസ്സിൽ കാർഷികവൃത്തിയിൽ ഏർപ്പെട്ടു തുടങ്ങിയ രാമൻ സാമൂഹികരംഗത്ത് സജീവമാകുമ്പോഴും കാർഷികവൃത്തിയെ കയ്യൊഴിയാതെ നെഞ്ചോടു ചേർത്ത് നിർത്തിയിരിക്കുന്നു. •

**രാമന്റെ ഫോൺ നമ്പർ: 8281556350**



An article about Cheruvayal Raman in Natural Hygiene Magazine

# തിരുനെല്ലിയിലെ ഇലക്കറികൾ

പ്രിയങ്ക എം 7293253838

2011 -ൽ എം.എസ്.സി ചെയ്യുന്ന സമയത്താണ് തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന തണൽ എന്ന പരിസ്ഥിതി സംഘടനയെക്കുറിച്ചറിയുന്നത് പിന്നീട് എം.എസ്.സി പ്രോജക്ട് തണലുമായി സംയോജിച്ച് ചെയ്തു. കൃഷി ചെയ്യാത്ത ഭക്ഷ്യ ഇലച്ചെടികളെ കുറിച്ചായിരുന്നു പ്രോജക്ട്. വയനാട്ടിലെ തിരുനെല്ലി പഞ്ചായത്തിൽ വച്ചു നടന്ന ഈ പഠനത്തിലൂടെ 83 ഇനം ഭക്ഷ്യ ഇലച്ചെടികളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു, പ്രധാനമായും അടിയർ, പണിയർ, കുറുമർ, കുറിച്യർ, കാട്ടുനായ്ക്കർ എന്നിവരെയും, ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ വിഭാഗക്കാരെയും സർവ്വേയിൽ ഉൾപ്പെടുത്തിയിരുന്നു. കൃഷി ചെയ്യാത്ത പാടത്തും, പറമ്പിലും, തോടരുകിലും, വഴിയരുകിലും, കാടുകളിലും കാണപ്പെടുന്ന ഭക്ഷ്യയോഗ്യമായ ഇലച്ചെടികളുടെ പേരുവിവരവും, ഉപയോഗിക്കുന്ന രീതിയും, കാലവും, നാട്ടറിവുകളും, ഔഷധഗുണങ്ങളും സർവ്വേയിലൂടെ പ്രധാനമായും ചോദിച്ചറിഞ്ഞു.

ഇലച്ചെടികളെ പരിചയപ്പെടുത്തി തരാനും, ഫോട്ടോ എടുക്കാനുമായി എന്റെ കൂടെ പാടത്തും പറമ്പിലും കാട്ടിലും ഒക്കെ വന്നു തിരുനെല്ലി പഞ്ചായത്തിലെ തൃശിലേരിയിലെ ഗൗരി ചേച്ചിയും മൂക്കി ചേച്ചിയും, തിരുനെല്ലിയിലെ ജോച്ചി ചേച്ചിയും ഇലച്ചെടികളെ കുറിച്ചുള്ള വിവരം പുറം ലോകം അറിയാനായി ആത്മാർത്ഥമായി സഹകരിച്ചവരാണ്. തണലിലെ സ്റ്റാഫായിരുന്ന അംബികേച്ചിയും എള്ളുമന്ദത്തെ സാമൂഹ്യപ്രവർത്തകനായ മാനുവലേട്ടനും ഇലച്ചെടികളുടെ ധാരാളം വിവരങ്ങൾ പറഞ്ഞു തന്നിട്ടുണ്ട്.

നാം വെറും കളയായ് മാത്രം കാണുന്ന പലചെടികൾക്കും ധാരാളം ഔഷധ ഗുണങ്ങളുണ്ടെന്നും ഭക്ഷണത്തിന്റെ ഭാഗമാണെന്നും അറിയാൻ സാധിച്ചത് ഈ പഠനത്തിലൂടെയാണ്. മാത്രമല്ല കൃഷി ചെയ്യുമ്പോൾ നാം പ്രധാന വിളയെ മാത്രമാണ് ആശ്രയിക്കുന്നത്. ഉദാഹരണത്തിന് നെൽകൃഷി ചെയ്യുമ്പോൾ നെല്ലാണ് പ്രധാനവരുമാനം. നെല്ലിനോടൊപ്പം വളരുന്ന ഭക്ഷ്യയോഗ്യമായ ഇലച്ചെടികളെ കളനാശിനി ഉപയോഗിച്ച് നശിപ്പിച്ചു കളയുന്നു. അവയിൽ പലതും ഭക്ഷ്യയോഗ്യമാണ് എന്ന് നാം തിരിച്ചറിയാതെ പോകുന്നു. ഇങ്ങനെ എത്രയോ നാട്ടറിവുകൾ ഓരോ തലമുറയോടൊപ്പവും മണ്ണടിഞ്ഞുപോകുന്നു. ഇത് വളരെ ചെറിയൊരു പഠനത്തിലൂടെ കിട്ടിയ വിവരങ്ങളാണ്. ഇത്തരത്തിൽ നാട്ടറിവുകൾ തേടിയും, ഭക്ഷ്യ വൈവിധ്യം തേടിയും ഇപ്പോൾ ധാരാളം പഠനങ്ങൾ നടക്കുന്നുണ്ട്. ഇത്തരത്തിലുള്ള പഠനങ്ങളിലൂടെ അറിവുകൾ എല്ലാവരിലുമെത്തട്ടെ.

ഭക്ഷ്യ സുരക്ഷയുടെ അടിസ്ഥാനങ്ങളിലൊന്നായ നാടൻ ഭക്ഷ്യ ഇല ച്ചെടികൾ നെൽവയലുകളിലും റോഡരികുകളിലും തോട്ടങ്ങളിലും വീട്ടു മുറ്റത്തും പുഴയരികുകളിലും കാടുകളിലും കാണപ്പെടുന്നു. ഇത്തരം നാടൻവിഭവങ്ങൾ മാത്രം ഭക്ഷിച്ചുകൊണ്ടിരുന്ന തലമുറയും സമൂഹവും ഇവിടെ ഉണ്ടായിരുന്നു.

തകര(Senna tora L), പൊന്നാങ്കണ്ണി (Alternanthera sersilis L), മുള്ളൻചീര (Amaranthus spinosus L), മണിത്തക്കാളി (Solanum americanium Linn), കുപ്പച്ചീര (Amaranthus viridis L), പുളിയാറില (Oxalis corniculata L), പൊന്നുതകര (Senna occidentalis L) എന്നിങ്ങനെ ഔഷധഗുണങ്ങളുള്ള ഭക്ഷ്യ ഇലച്ചെടികൾ ഒട്ടനവധിയാണ്. ഇവയിൽ പലചെടികളും ചില പ്രത്യേക അസുഖം ചികിത്സിച്ച് ഭേദമാക്കാനുപയോഗിക്കുന്നു.

വളരെയധികം ഔഷധമൂല്യമുള്ള ഭക്ഷ്യ ഇലച്ചെടിയാണ് തകര. പുതുമഴയിൽ മുളച്ച് പൊന്തുന്ന തകര കർക്കിടക മാസത്തിൽ ഭക്ഷ്യയോഗ്യമാണ്. കന്നിമാസത്തിലെ മകത്തിന് തകരയും, ചുണ്ടക്കായും ഉപ്പേരി വച്ച് കഴിക്കണമെന്ന വിശ്വാസം ചിലർക്കുണ്ട്. വയലുകളിൽ കാണപ്പെടുന്ന വയൽചുള്ളി (Hygrophila Schulli (Buch Ham) Almeida and Almaida) വാതരോഗം മാറ്റാൻ ഉത്തമം. ഗർഭിണികൾ വയൽചുള്ളിയുടെ ഇല ഉപ്പേരി വച്ച് കഴിക്കുന്നത് നീര് വരാതിരിക്കാൻ നല്ലത്.വയലുകളിലും പറമ്പുകളിലും ധാരാളമായി കണ്ടിരുന്നതും ഇപ്പോൾ വളരെ അപൂർവ്വമായി ചിലയിടങ്ങളിൽ കാണപ്പെടുന്നതുമായ തുമ്പ ശരീരത്തിനുള്ളിലെ പുണ്ണകറ്റാൻ അത്യുത്തമം. തുമ്പ ഉപ്പേരിയ്ക്ക് ചെറിയ ചവർപ്പുണ്ടെങ്കിലും, ചിക്കൻപോക്സ് അസുഖം ഉള്ള സമയത്ത് തുമ്പയില ഉപ്പിട്ട് വാട്ടി കഴിച്ചാൽ കുരു ഉണങ്ങാൻ നല്ലത്. വയലിൽ കാണുന്ന ചക്കരത്തുമ്പ (Scoparia dalcis L) മൂത്രത്തിൽ കല്ലുരുക്കാൻ ഔഷധമായതിനാൽ കല്ലുരുക്കി എന്ന പേരിലും അറിയപ്പെടുന്നു. ചക്കരത്തുമ്പയ്ക്ക് ചെറിയ മധുരമുണ്ട്.

ബുദ്ധിശക്തിയ്ക്കും, ഓർമ്മശക്തിയ്ക്കും, തലച്ചോറിന്റെ വളർച്ചയ്ക്കും മുത്തിൾ (Centralla asiatica L) ഔഷധമാണ്. കർക്കിടകമാസത്തിൽ മുത്തിൾ ഇല, കുരുമുളക്, വെണ്ണ, ഉപ്പ് എന്നിവ രാവിലെ ദിവസവും കഴിക്കുന്നത് ബുദ്ധിശക്തിയ്ക്ക് നല്ലത്. മുത്തിൾ ചമ്മന്തിയും കർക്കിടകത്തിൽ കഴിക്കുന്നത് ഉത്തമം.വഴിയരികിൽ കാണപ്പെടുന്ന ഊരകം (Urena lobata L), പനിച്ചം പുളി (Hibiscus hispidissimus Graff) എന്നിവയുടെ ഇല ചുമ, പനി എന്നിവ അകറ്റാൻ കുരുമുളകിട്ട് തിളപ്പിച്ച് കുടിക്കുന്നു.തോടരികിൽ കാണുന്ന വയൽചുള്ളിയോട് സാമ്യമുള്ള ബോചപ്പ് (Hygrophila ringens L) പ്രസവിച്ച സ്ത്രീകൾ വയറുവേദന മാറ്റാൻ കഴിക്കുന്നു. പറമ്പിലും മതിലുകളിലും വള്ളിയായി പടർന്ന് പോകുന്ന പനിനീർ പച്ച എന്നും ചൂരൽ ചപ്പ് (Persicaria Chinensis L H



Gross) എന്നും പറയുന്ന ചെടിയും, വാഴക്കായും, പ്രസവരക്ഷയ്ക്ക് ഉപ്പേരിവച്ച് കഴിക്കുന്നു. മണിത്തക്കാളിയും (Solanium americanium Mill) പ്രസവരക്ഷയ്ക്ക് കഴിക്കുന്നു.

പറമ്പിൽ ധാരാളമായി കാണുന്ന പുളിയാറില (Oxzlis Corniculata L) വയറിളക്കം തടയാൻ മോര് കാച്ചുന്നതിലിട്ട് കഴിക്കുന്നു. പുളി രസമുള്ള ഈ ചെടി സമൂലം പറിച്ച് ചമ്മന്തി അരയ്ക്കാനും, ഉപ്പേരി വയ്ക്കാനും നല്ലതാണ്.

തൊട്ടാവാടി (Mimosa pudica L) നീരും ഇളനീർ വെള്ളവും യോജിപ്പിച്ച് കഴിച്ചാൽ ആസ്തമ അകറ്റാം. ശരീരത്തിലെ കൊഴുപ്പകറ്റാൻ കാന്താരിയില (Capsicum frutescus L), വിളർച്ച അകറ്റാൻ കാട്ടുചേമ്പിൻ തണ്ട് (Colacasia esculenta (L) Scott).

ചില ചെടികൾ പാകം ചെയ്യുന്ന രീതിയിലും വ്യത്യസ്തത പുലർത്തുന്നു. തൊട്ടാൽ ചൊറിയുന്ന ചൊറിയണം (Laportea bulbifera (Sieb & zucc) wddel) ഉള്ളം കൈ സ്പർശിക്കുന്ന വിധത്തിൽ പറിച്ചെടുത്ത് നാരുകളഞ്ഞ് മുറത്തിലിട്ട് ചെറുതായി ഒന്നുരച്ച് കഞ്ഞിവെള്ളത്തിൽ മുക്കിയെടുത്തശേഷം പാകം ചെയ്താൽ യാതൊരു വിധ ചൊറിച്ചിലും അനുഭവപ്പെടുകയില്ല. അതിനാൽ ചൊറിയണം കഞ്ഞിത്തൂവ എന്നും അറിയപ്പെടുന്നു. തോടരികിലും പുഴയരികിലും മാത്രം കാണുന്ന ചുരുളി (Diplanium esculantium) വെയിലത്തിട്ട് വാട്ടിയതിനുശേഷം മാത്രം ഉപയോഗിക്കുന്നു. കടുക് പൊട്ടിച്ച് പാകത്തിന് വെള്ളം ഒഴിച്ച് തിളച്ചതിനുശേഷം വാട്ടിയ ചുരുളിയില മുറിച്ചിട്ട് വേവിക്കുന്നു. ചുരുളി മഴയത്ത് ഭക്ഷ്യയോഗ്യമല്ല.

വേലിയിൽ വളർത്തുന്ന നാടൻ ചെമ്പരത്തി (Hibiscus rosa sinensis L) യുടെ തളിരില മാത്രം പറിച്ചെടുത്ത് കഴുകി മുറിച്ച് ഒട്ടും വെള്ളം ചേർക്കാതെ ഉള്ളി വാട്ടിയതിൽ ഇട്ട് വേവിച്ചെടുക്കുന്നു. മറ്റിലകൾ ചേർത്താൽ ആ ചെടികളുടെ വെള്ളം കൂടിചേർന്ന് കൊഴുപ്പാകാതിരിക്കാൻ ചെമ്പരത്തി ഇല മാത്രം പാകം ചെയ്യുന്നതാണ് നല്ലത്. പാകം ചെയ്യുന്ന രീതിയിലും, രുചിയിലും, ഗന്ധത്തിലും, ഗുണത്തിലും എല്ലാ ചെടികളും വ്യത്യസ്തത പുലർത്തുന്നു.

റോഡരികുകളിലുള്ള കാട്ടുമുരിങ്ങ (Crotalaria Stipitata wight & arn) തോടരികുകളിലുള്ള പഞ്ചിത്താൾ (Cryptocoryne Spiralis (Retz) Fisch ex Wyder), കാടുകളിലുള്ള ഞരള (Cissus repens Lam), മലഞ്ചരിവുകളിലുള്ള മലഞ്ചുരുളി (Dryopteris Coculate) എന്നിവ പണ്ടുകാലത്ത് ധാരാളമായി കണ്ടിരുന്നവയും ഇപ്പോൾ വിരളമായി മാത്രം കാണപ്പെടുന്നതുമായ ചില ഭക്ഷ്യ ഇലച്ചെടികളാണ്. ഇവയിൽ കാട്ടുമുരിങ്ങ പാകം ചെയ്യുമ്പോൾ ബിരിയാണി പാകം ചെയ്യുമ്പോഴുള്ള ഗന്ധം ഉണ്ടാകുന്നു. വളരെ സ്വാദിഷ്ഠമായ ഉപ്പേരി കാട്ടുമുരിങ്ങ ഉപയോഗിച്ചുണ്ടാക്കാം. തൊഴിലുറപ്പ് പണികളിലൂടെയുള്ള വൃത്തിയാക്കലിൻ പേരിൽ ഇപ്പോൾ കാട്ടുമുരിങ്ങ പൂർണ്ണമായും നശിച്ചുകൊണ്ടിരിക്കുന്നു. ഔഷധഗുണം മനസിലാക്കി ചില ചെടികളെ സംരക്ഷിക്കാതെ അമിതമായി ചൂഷണം ചെയ്യുന്നതും നാശത്തിന് കാരണമാകുന്നുണ്ട്. ചിലരെങ്കിലും മൂല്യങ്ങൾ മനസിലാക്കി പല ചെടികളേയും സംരക്ഷിക്കാനായി ഇപ്പോൾ വീട്ടുമുറ്റത്ത് പിടിപ്പിക്കുന്നുണ്ട്.

നെൽ വയലുകളിലും വരമ്പുകളിലും കളയായി നശിപ്പിച്ചുകളയുന്നതിൽ ഏകദേശം ഇരുപതോളം ചെടികൾ ഔഷധഗുണങ്ങളുള്ള ഭക്ഷ്യയോഗ്യമായ ഇലച്ചെടികളാണ്. ഭക്ഷ്യ ഇലച്ചെടികളായ ഉനുവൽ (Marselia quadrifolia L), കരിങ്കൂവളം (Monochoria vaginalis press) എന്നിവ നെൽവയലുകളിൽ ധാരാളമായി കാണപ്പെടുന്നവയും മറ്റ് കൃഷിയിടങ്ങളിൽ കാണപ്പെടാത്തവയുമാണ്. നെല്ലിനിടയിൽ വെള്ളത്തിൽ കൃഷിയുടെ ആരംഭഘട്ടത്തിൽ തഴച്ച് വളരുന്ന ഇവ നെൽകൃഷി ഇല്ലാതാകുന്നതോടുകൂടി നാശത്തിൻ വക്കിലെത്തുന്നു. ഉനുവലും, കരിങ്കൂവളവും ഒരുമിച്ച് ഉപ്പേരി വയ്ക്കാം. ഉനുവൽ മാത്രമായി ഉപ്പേരി വച്ചാൽ വളരെ രുചികരമായ വിഭവം ഉണ്ടാക്കാം. നെൽവയലുകൾ നികത്തുന്നതിലൂടെ ഇത്തരത്തിലുള്ള ജൈവവൈവിധ്യം കൂടി നശിക്കുന്നു. പറമ്പിലും, വയലിലും, വീട്ടുമുറ്റത്തും കളനാശിനിയും, കീടനാശിനിയും തളിക്കുന്നതിലൂടെ ഇത്തരം വിഭവങ്ങൾ ഉപയോഗശൂന്യമാകുകയും അപ്രത്യക്ഷമാകുകയും ചെയ്യുന്നു.

വിഷമുപയോഗിച്ച് നശിപ്പിക്കേണ്ടവയല്ല നമുക്ക് ചുറ്റുമുള്ളവയെന്നും അവയൊക്കെ ഉപയോഗിക്കുന്നതുമൂലം ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ കഴിയും എന്നും നമ്മൾ മനസ്സിലാക്കേണ്ടതാണ്. ഇത്തരം ചെടികളുടെ മൂല്യം മനസിലാക്കി നമുക്ക് നിത്യജീവിതത്തിന്റെ ഭാഗമാക്കാം. കിഴങ്ങുകൾ കഴിക്കേണ്ട സമയത്ത് കിഴങ്ങുകളും ഇലച്ചെടികൾ കഴിക്കേണ്ട സമയത്ത് ഇലച്ചെടികളും പഴവർഗ്ഗങ്ങൾ കഴിക്കേണ്ട സമയത്ത് പഴവർഗ്ഗങ്ങളും ശീലമാക്കി ഭക്ഷണത്തിൽ വൈവിധ്യം വരുത്താം ●



**An article about edible leave written by Priyanka M (SoR Research Assistant) in One Earth One Life magazine**



16 കൂട് ● 2014 ജൂലൈ | കവർ സ്റ്റോറി | നെൽവയലും തണ്ണീർത്തടങ്ങളും

"നമ്മുടെ മണ്ണിൽ എത്ര ഉറപ്പോടെ നമുക്ക്
നിൽക്കാൻ കഴിയുന്നുവോ അത്രയും ഉറപ്പുണ്ടാകും
നമ്മുടെ കുട്ടികളുടെ ഹൃദയത്തുടിപ്പുകൾക്ക്"

- പോളി കൗട്ചാക്ക്, ഉനാലാക്ലീറ്റ്, അലാസ്ക

Photo/Shaji Manshad

# വികസനം കൃഷിയിലൂടെ



**എസ്. ഉഷ, തണൽ**

ഇക്കഴിഞ്ഞ ദിവസം തൃശ്ശൂരിൽനിന്ന് തിരുവനന്തപുരത്തേക്ക് തീവണ്ടിയിൽ യാത്ര ചെയ്യുമ്പോൾ കൂടെ യാത്ര ചെയ്തിരുന്ന ഒരു സ്ത്രീ പല കാര്യങ്ങളും സംസാരിച്ച കൂട്ടത്തിൽ അവരുടെ അച്ഛന്റെ കൃഷിസ്ഥലം ഒരു വികസന പാർക്കിനായി ഏറ്റെടുത്തതിനെക്കുറിച്ച് പറയുകയുണ്ടായി. ആലുവക്കടുത്താണ് വീട്. അവരുടെ അച്ഛൻ നല്ലൊരു കർഷകനായിരുന്നു. സ്വന്തം ആവശ്യത്തിനു മാത്രമല്ല, നെല്ലും പച്ചക്കറികളും ഏത്തക്കായുമെല്ലാം അവർക്ക് വിൽക്കാനുമുണ്ടായിരുന്നു. സ്ഥിരം പണിക്കാരും പശുക്കളും ഉണ്ടായിരുന്നു. മറ്റു കർഷകരെല്ലാം സ്ഥലം കൊടുത്തതിനുശേഷം ഒരു ഗതിയും ഇല്ലാതായപ്പോഴാണ് ഇവരുടെ അച്ഛൻ തന്റെ കൃഷിസ്ഥലം കൈമാറിയത്, ഏറെ വിഷമത്തോടെ. ഇന്ന് ആ സ്ഥലം തരിശിട്ടിരിക്കുകയാണ്. അത് കാണുമ്പോൾ വല്ലാത്ത ദുഃഖം തോന്നുകയാണെന്ന് അവർ പറഞ്ഞു. തരിശിട്ടിരിക്കുന്ന കൃഷിസ്ഥലങ്ങൾ ഭൂമിയില്ലാത്തവർക്ക് കൃഷി ചെയ്യാൻ നൽകിയിരുന്നെങ്കിൽ എന്തുമാത്രം ഭക്ഷണം നാട്ടിൽ ഉണ്ടാക്കാമായിരുന്നു? എത്രപേർക്ക് ഭക്ഷണം നാട്ടിൽ ഉണ്ടാക്കാമായിരുന്നു? എത്രപേർക്ക് തൊഴിൽ കൊടുക്കാമായിരുന്നു? ഇതായിരുന്നു അവരുടെ ചോദ്യം. അവരൊരു സാമ്പത്തിക വിദഗ്ധയല്ല. പരിസ്ഥിതി പ്രവർത്തകയുമല്ല. എന്നാലും പരിസ്ഥിതിയെക്കുറിച്ചും വികസനത്തെക്കുറിച്ചും തൊഴിലിനെക്കുറിച്ചും ഒക്കെ അവർക്ക് നല്ലൊരു ധാരണയുണ്ടെന്ന് കുറച്ചു നേരത്തെ സംഭാഷണത്തിൽനിന്ന് മനസ്സിലായി.

കടിഞ്ഞാൺ വിട്ടൊരു കുതിരയെപ്പോലെയായിട്ടുണ്ട് കേരളത്തിൽ വികസനമെന്ന് കൂടെയിരുന്ന മറ്റൊരാൾ സൂചിപ്പിച്ചു. എന്താണ് വികസനമെന്നോ, എവിടേക്കാണ് പോകുന്നതെന്നോ അറിയുന്നില്ല. കുന്നുകളും വയലുകളും പുഴകളും തണ്ണീർതടങ്ങളും കൃഷിയിടങ്ങളും വീടുകളുമെല്ലാം ചവിട്ടിമെതിച്ചുകൊണ്ട് വികസനത്തിന്റെ ഈ കുതിര പായുകയാണ്. ഒരു യുദ്ധക്കളം പോലെയായിരിക്കുകയാണ് നാട്. ഇത് കേരളത്തിന്റെ ഒരു പൊതുബോധമാണ് എന്ന് കരുതാം.

വികസനത്തിന്റെ പദ്ധതികളിലൂടെ ലഭിക്കുന്ന സാമ്പത്തിക വളർച്ചയേക്കാൾ കൂടുതലാണ് പ്രകൃതിയുടെ നാശത്തിലൂടെ രാജ്യങ്ങൾക്കുണ്ടാകുന്ന നഷ്ടമെന്ന് ലോകബാങ്കിലെ സാമ്പത്തിക വിദഗ്ധർ പോലും പറയാൻ തുടങ്ങിയിരിക്കുന്നു. ഇക്കഴിഞ്ഞ വർഷത്തെ ലോകബാങ്ക് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് പരിസ്ഥിതി നാശംമൂലം ഇന്ത്യക്കുണ്ടാ

കുന്ന ചെലവ് 3.75 ട്രില്യൺ രൂപയാണെന്നാണ്. ഇത് ഇന്ത്യയുടെ ജിഡിപിയുടെ 5-7% വരുമത്രേ. കേരളത്തിൽ കഴിഞ്ഞ പത്തു വർഷം കൊണ്ടുണ്ടായ പരിസ്ഥിതിനാശം സാമ്പത്തികമായി വിലയിരുത്തിയാൽ എത്ര കോടികളാകും? സംസ്ഥാനത്തിനു നഷ്ടപ്പെട്ട ഭക്ഷണവും വെള്ളവും തൊഴിലും എത്രയായിരിക്കും? 100 വർഷം മുൻപോട്ട് ചിന്തിക്കാൻ കഴിഞ്ഞില്ലെങ്കിലും പത്ത് വർഷത്തേക്കെങ്കിലും ഇതുകൊണ്ടുണ്ടായ നഷ്ടം കണക്കാക്കേണ്ടതില്ലേ? നിർഭാഗ്യവശാൽ നമ്മുടെ ഭരണകർത്താക്കളും സാങ്കേതികവിദഗ്ധരും ഒക്കെതന്നെ കാലത്തിനു പിറകെയാണ് നടക്കുന്നതെന്ന് തോന്നും. അവരുടെ വികസന കാഴ്ചപ്പാടുകൾ അപ്രകാരമാണ്.

ലോകത്തെ സാമാന്യജനങ്ങൾ മുഴുവൻ ഇന്ന് ആശങ്കപ്പെടുന്നത് ഊർജ്ജത്തെക്കുറിച്ചോ തൊഴിലിനെക്കുറിച്ചോ സാമ്പത്തിക വളർച്ചയെ കുറിച്ചോ അല്ല. വെള്ളത്തെ കുറിച്ചും ഭക്ഷണത്തെ കുറിച്ചുമാണ്. ക്ഷയിക്കുന്ന ആരോഗ്യത്തെക്കുറിച്ചാണ്. നിലനിൽപ്പിനെ കുറിച്ചാണ്. അതുകൊണ്ടുതന്നെ പുഴകളും തണ്ണീർത്തടങ്ങളും നീർവയലുകളുമെല്ലാം സംരക്ഷിക്കപ്പെടണം എന്ന ആവശ്യം ലോകത്താകെ ഉയർന്നുവരികയാണ്. മാധ്യമങ്ങൾ പ്രചരിപ്പിക്കുന്ന സാമ്പത്തിക വികസന ചിത്രങ്ങൾ ലോകത്തെ ധനികരായ കുറച്ചുപേർക്കുവേണ്ടി മാത്രം ഊതി വീർപ്പിച്ച് കൊട്ടിഘോഷിക്കുന്ന കാര്യങ്ങളാണ്. ഒരുപക്ഷേ, കേരളത്തിലെ ജനങ്ങളുടെ ആശങ്ക പരിഗണിച്ചതുകൊണ്ടാകാം ഒരു നിയമം ഉണ്ടാക്കാൻ കേരള സർക്കാർ തയ്യാറായത്. നെൽപ്പാടങ്ങളും നെൽകൃഷിയും സംരക്ഷിക്കാനുള്ള ശ്രമത്തിലേർപ്പെട്ട ഒട്ടേറെ സംഘടനകളും വ്യക്തികളും ശാസ്ത്രജ്ഞരും സാമൂഹ്യ-പാരിസ്ഥിതിക പ്രവർത്തകരും ഈ കൊച്ചുകേരളത്തിലുണ്ട്. 2008-ൽ നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം നിയമസഭയിൽ പാസായപ്പോൾ അവർ ആശ്വസിച്ചു ബാക്കിയുള്ള കുറച്ച് നീർത്തടങ്ങളെങ്കിലും ബാക്കിയാകുമല്ലോയെന്ന്.

> **ലോകത്തെ സാമാന്യജനങ്ങൾ മുഴുവൻ ഇന്ന് ആശങ്കപ്പെടുന്നത് ഊർജ്ജത്തെക്കുറിച്ചോ തൊഴിലിനെക്കുറിച്ചോ സാമ്പത്തിക വളർച്ചയെ കുറിച്ചോ അല്ല. വെള്ളത്തെ കുറിച്ചും ഭക്ഷണത്തെ കുറിച്ചുമാണ്.**

എന്നാൽ, ചെറിയൊരു വിഭാഗം ആളുകൾ ഈ നിയമത്തെ എതിർക്കുന്നുണ്ട്. ഇതിനെ അട്ടിമറിക്കാൻ ശ്രമിക്കുന്നുണ്ട്. അനധികൃതമായി നിലം നികത്തുന്നുണ്ട്. ഈ നിയമം കേരളത്തിന്റെ വികസനത്തെ തടസ്സപ്പെടുത്തുന്നു എന്നു പറയുന്നവരുണ്ട്. ഇവർ ഒന്നുകിൽ ഇത്തരം വികസന പദ്ധതികളിലൂടെ ലാഭം പ്രതീക്ഷിക്കുന്നവരോ (ഉത്പന്നത്തിലൂടെയല്ല. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ പണമുണ്ടാക്കുക) അതല്ലെങ്കിൽ വികസനത്തെക്കുറിച്ച് പഴഞ്ചൻ ആശയങ്ങൾ സൂക്ഷിക്കുന്നവരോ ആണ്.

കേരളത്തിന്റെ അഭിമാനമായി, വികസനത്തിന്റെ ഒരു നാഴികക്കല്ലായി കരുതപ്പെടുന്ന ഒരു പദ്ധതിയാണ് തിരുവനന്തപുരത്തെ ടെക്നോപാർക്ക്. കുറേ ചെറുപ്പക്കാർക്ക് ഇത് തൊഴിൽ കൊടുത്തു. എന്നാൽ ഇതിന് ചുറ്റുമുള്ള പ്രദേ



# കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ആക്റ്റ്-പ്രധാന വകുപ്പുകൾ

സെക്ഷൻ 1 (3) (xviii) - 'തണ്ണീർത്തടം' എന്നാൽ മണ്ണ് ജലപൂരിതമാക്കിക്കൊണ്ട്, കരപ്രദേശത്തിനും ജലാശയങ്ങൾക്കും ഇടയിൽ സ്ഥിതിചെയ്യുന്നതും, ജലനിരപ്പ് സാധാരണഗതിയിൽ ഉപരിതലം വരെയോ അതിനോടടുത്തോ ആയിരിക്കുകയോ ആഴംകുറഞ്ഞ ജലത്താൽ മൂടിക്കിടക്കുകയോ അഥവാ മന്ദഗതിയിൽ ചലിക്കുകയോ കെട്ടിക്കിടക്കുകയോ ചെയ്യുന്ന ജലത്തിന്റെ സാന്നിദ്ധ്യംകൊണ്ട് സവിശേഷമാകുകയോ ചെയ്യുന്ന സ്ഥലം എന്നർത്ഥമാകുന്നതും അതിൽ കായലുകൾ, അഴിമുഖങ്ങൾ, ചേറ്റു പ്രദേശങ്ങൾ, കടലോരക്കായലുകൾ, കണ്ടൽക്കാടുകൾ, ചതുപ്പുനിലങ്ങൾ, ഓരുള്ള ചതുപ്പുനിലങ്ങൾ, ചതുപ്പിലെ കാടുകൾ എന്നിവ ഉൾപ്പെടുന്നതും, നെൽവയലുകളും നദികളും ഉൾപ്പെടാത്തതുമാകുന്നു.

## സെക്ഷൻ 3 (1)

**നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള വിലക്ക്** - ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിലും അന്നുമുതൽക്കും ഏതെങ്കിലും നെൽവയലിന്റെ ഉടമസ്ഥനോ അധിവാസിയോ കൈവശക്കാരനോ, ആ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ, പ്രസ്തുത നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള യാതൊരു പ്രവർത്തിയും ചെയ്യാൻ പാടുള്ളതല്ല.

## സെക്ഷൻ 8 (3)

പൊതു ആവശ്യത്തിനായി നിലം നികത്തുന്നതിനോ പരിവർത്തനപ്പെടുത്തുന്നതിനോ പ്രാദേശികതല നിരീക്ഷണസമിതി ശുപാർശ ചെയ്തിട്ടുള്ള ഓരോ അപേക്ഷയും, സംസ്ഥാനതല സമിതി പരിശോധിച്ച് ആ പ്രദേശത്ത്, നെൽവയൽ അല്ലാത്ത മറ്റൊരു സ്ഥലം ലഭ്യമാണോ എന്നും നെൽവയൽ നികത്തുന്നതുമൂലം ഉണ്ടാകാവുന്ന പാരിസ്ഥിതിക വ്യതിയാനങ്ങളെ സംബന്ധിച്ചും വിശദമായി പരിശോധന നടത്തി സർക്കാരിന് റിപ്പോർട്ട് നൽകേണ്ടതാണ്.

## സെക്ഷൻ 9 (8)

(1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രാദേശികതല നിരീക്ഷണസമിതി - (i) അപ്രകാരമുള്ള രൂപാന്തരപ്പെടുത്തൽ, പാരിസ്ഥിതിക വ്യവസ്ഥയേയും ചേർന്ന് കിടക്കുന്ന നെൽവയലിലെ കൃഷിയേയും പ്രതികൂലമായി ബാധിക്കുകയില്ലാ എന്നും; (ii) നെൽവയലിന്റെ ഉടമസ്ഥനോ അയാളുടെ കുടുംബത്തിനോ ഈ ആവശ്യത്തിന് പറ്റിയ സ്ഥലം പകരം ആ ജില്ലയിൽ സ്വന്തമായി ഇല്ല എന്നും (iii) കെട്ടിടം നിർമ്മിക്കുന്നത് അയാളുടെ സ്വന്തം ആവശ്യത്തിന് വേണ്ടിയാണെന്നും (iv) പ്രസ്തുത നെൽവയൽ, മറ്റ് നെൽവയലുകളാൽ ചുറ്റപ്പെട്ട്

11/4/14 NIE

# An Attempt to Remind City-zens of the Nutritious Qualities of Millets

Millets, "ancient grains with a myriad of beneficial nutrients", should be brought back into the daily diet, according to the organisers of this exhibition. 'Chama' was very popular earlier in Kerala and used to be grown in rotation with rice



Organically grown traditional rice varieties of Kerala like 'jeerakasala' and 'gandhakasala' displayed at the Organic Mela in YMCA Hall | EXPRESS




**Express News Service**

**T'Puram:** For a crop that was widespread in Kerala once upon a time, the Little Millet ('chama' in Malayalam) has dwindled to exist only in little pockets of the state.

So much so that the organisers had to turn to Andhra Pradesh to get the cereal for the ongoing fair 'Magic with Millets' of Organic Bazaar.

"This millet was very popular earlier in Kerala and used to be grown in rotation with rice, but its cultivation has here has all but disappeared," said Ushakumari S of Thanal, which is organising the event.

It is not just the little millet that visitors to the three-day Organic Mela at YMCA can be reintroduced to.

There's the Pearl Millet ('bajra'), Kodo Millet ('varagu'), Proso Millet ('panivaragu'), Foxtail Millet ('tina'), Sorghum ('jowar') and Finger Millet ('ragi') all of which have been sidelined with the domination of rice and wheat.

"Proso millet, for example, is one of the best in terms of nutrition. The tribals of Attapady, for one, used to cultivate it a lot. But with the arrival of the public distribution system (PDS) which supplies rice, this millet has also disappeared from their life by and large, taking away the nutritional qualities it provided," said Ushakumari.

Millets, "ancient grains with a myriad of beneficial nutrients", should be brought back into the daily diet, the organisers said. So rather than just the cereals in their raw form, products on display at the fair also include processed items that, it is hoped, will appeal to the public's palate. Popped sorghum and little millet semolina ('chama rava') to name a couple.

Moreover, there are also recipes of various dishes like tomato foxtail millet ('tina') rice, 'ragi aloo paratha', 'tina laddoo' and 'chama paal payasam' that are on display. Several of these millet-based dishes are also available to taste.

Day one of the mela also saw a seminar with talks by Reela G K, director, Centre for Disability Studies; food activist Sreedevi Lakshmikutty, nutrition expert Lalitha Appukuttan; and Leena Prakash, author of 'Treasures of the Indian Kitchen.'

The Organic Mela is on at YMCA Hall till Saturday from 10 am to 7.30 pm.

5/4/14 Kerala Kaumudi

# പ്രകൃതിയിലേക്ക് മടങ്ങാനുള്ള സന്ദേശമുണർത്തി ഓർഗാനിക് മേള

[illegible]



Organic Rice mela organised by SoR Kerala

# വിത്തുകളുടെ കാവലാൾ

**ഹരിതവിപ്ലവംകൊണ്ടുവന്ന അത്യുല്പ്പാദനശേഷിയുള്ള വിത്തുകളുടെ പ്രളയത്തിനിടയിലും പ്രകൃതിദത്ത വിത്തുകൾ കൃഷിചെയ്ത് കാത്തുസൂക്ഷിക്കുന്നു എന്നതാണ് വയനാട്ടുകാരനായ രാമനെ, 'കൃഷിക്കാരെ'ന്ന് മേനിനടിക്കുന്നവർക്കിടയിൽ വേറിട്ടുനിറുത്തുന്നത്**

എസ്. കലേഷ്

"സ്വന്തം മക്കളെ വീട്ടിൽ നിന്ന് ഇറക്കിവിട്ട്, അയൽക്കാരന്റെ മക്കളെ പോറ്റി വളർത്തുന്നപോലെയാണ് നമ്മുടെ പുതിയ കാർഷിക സംസ്കാരം"- ചെറുവയൽ രാമൻ ഇങ്ങനെ പറയുന്നതു കേട്ട് കാർഷിക ഗവേഷകരും ശാസ്ത്രജ്ഞരുമൊക്കെ അയാൾക്കുനേരെ കുതിരകേറേണ്ട!. ഹരിതവിപ്ലവാനന്തര നവീന കൃഷിരീതികൾ തകർത്തത് പ്രകൃതിദത്ത വിത്തുകളെ ആയിരുന്നുവെന്ന് രാമൻ തുടരുന്നു. വയൽനാടായ വയനാട്ടുകാരന് ഇങ്ങനെ പറയാൻ അർഹതയുണ്ട്. കാരണം തലമുറകളായി കൈമാറിവന്ന 41 ഇനം നെൽവിത്തുകൾ അടക്കം പ്രകൃതിദത്ത വിത്തുകളുടെ സൂക്ഷിപ്പുകാരനാണ് ഈ കർഷകൻ.

കർഷകൻ എന്ന വാക്കിന്റെ അർത്ഥംതന്നെ നമ്മുടെ നാട്ടിൽ തേഞ്ഞുമാഞ്ഞു പോയിരിക്കുന്നു. ഏക്കറുകണക്കിന് ഭൂമിയിൽ ആളെ നിറുത്തി റബ്ബർതൈ നടുന്നവർ മുതൽ ഭൂമികയ്യേറ്റക്കാർ വരെയുള്ളവർ ഇന്ന് 'കൃഷി'ക്കാരാണ്. വിജയകഥ പറയുന്ന ഫീച്ചറുകളിൽ മുഖ്യകഥാപാത്രമായും കാർഷിക പ്രസിദ്ധീകരണങ്ങളുടെ കവർചിത്രമായും അവർ നിറഞ്ഞുനിൽക്കുന്നു. എന്നാൽ ഇത്തരം മുഖംമൂടിയിട്ടവർക്കിടയിൽ രാമൻ വേറിട്ടു നിൽക്കുന്നത് അദ്ദേഹത്തിന്റെ പ്രകൃതിദത്ത കൃഷിരീതികൾകൊണ്ടാണ്.

"എൺപതോളം ഇനത്തിൽപ്പെട്ട പ്രകൃതിദത്ത നെൽവിത്തുകൾ നമുക്കുണ്ടായിരുന്നു. പലപല ഗുണങ്ങളുള്ളവ. അത്യുല്പ്പാദന ശേഷിയുണ്ടെന്ന് അവകാശപ്പെടുന്ന വിത്തുകളുടെ വരവോടെ നമ്മുടെ വിത്തുകൾ മണ്ണടിഞ്ഞു. നവീന വിത്തുകൾക്ക് രോഗം വന്നാൽ കീടനാശിനി പ്രയോഗം വേണ്ടിവന്നു. അത് കഴിക്കുന്നവർ മാറാരോഗങ്ങൾക്ക് അടിമയായി. പ്രകൃതിദത്ത വിത്തുകളോട് മനുഷ്യൻ ചെയ്തതിന്റെ തിക്തഫലമാകാമിത്"-രാമൻ പറയുന്നു.

കൃഷിയുടെ ഒരു വയനാടൻ സർവ്വകലാശാലയെന്ന ഉപമ രാമന് നന്നായി ഇണങ്ങും. മാനന്ത



രാമൻ/ ഫോട്ടോ: അജേഷ് മാധവ്



കാത്തുസൂക്ഷിക്കുന്ന വിത്തുകളുമായി രാമൻ

## കാത്തുസൂക്ഷിക്കുന്ന പ്രധാനപ്പെട്ട നെൽവിത്തുകൾ

പ്രകൃതിദത്തമായ 41 ഇനം നെൽവിത്തുകളാണ് രാമൻ വർഷങ്ങളായി കൃഷി ചെയ്ത് സൂക്ഷിക്കുന്നത്. 500 വർഷത്തിന്റെ പഴക്കം ഈ വിത്തുകൾക്കുണ്ട്. നാട്ടിലെ അഞ്ചേക്കർ ഭൂമിയിലാണ് കൃഷി. രാസവളവും കീടനാശിനികളും കൃഷിയിടത്തിന്റെ ഏഴയലത്തേക്ക് അടുപ്പിക്കില്ല. ചാണകവും ചവറുമാണ് വളം.

**ആറു മാസം കൊണ്ട് വിളയുന്നവ**

ചെന്താടി, മുണ്ടകൻ, വെളിയൻ, ചേറ്റുവെളിയൻ, ചെമ്പകം.

**അഞ്ച് മാസം**

മരത്തൊണ്ട്, ചെന്നെൽതൊണ്ടി, ചെന്നെല്ല്, കണ്ണിചെന്നെല്ല്, ചോമാല, പാൽവെളിയൻ, അടുക്കൻ.

**നാല് മാസം**

ഓണമൊട്ടൻ, ഓണച്ചണ്ണ, പാൽത്തൊണ്ടി, കല്ലടിയാരൻ, ഓക്കൻപുഞ്ച.

**മൂന്ന് മാസം**

പുന്നാടൻ തൊണ്ടി, തൊണ്ണൂറാം തൊണ്ടി, തൊണ്ണൂറാം പുഞ്ച, ഞവറ/ കറുപ്പ് തൊണ്ട്

**സുഗന്ധനെല്ലിനങ്ങൾ**

ഗന്ധകശാല, ജീരകശാല, ഉരുണിക്കയമ, കയമ. ●

വാടി കമ്മന ചെറുവയൽ ഇടവക പഞ്ചായത്തിലായിരുന്നു ജനനം. അഞ്ചാം ക്ളാസിൽ പഠനം ഉപേക്ഷിച്ച് പത്താം വയസിൽ അമ്മാവനോടൊപ്പം കൃഷിയിടത്തിലേക്ക് ഇറങ്ങിയ രാമന് ഇന്ന് 65 വയസുണ്ട്. എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആശുപത്രിയിൽ വാർഡനായി ജോലി കിട്ടി. പക്ഷേ, മനസ് കൃഷിയിൽ വ്യാപൃതമായിരിക്കുമ്പോൾ ആ ജോലി സ്വീകരിക്കാൻ രാമന് കഴിഞ്ഞില്ല.

കുറിച്യർ വിഭാഗത്തിൽപ്പെട്ടതാണ് രാമൻ. മൂന്നു വീടുകളിലായി 70 അംഗങ്ങളുള്ള ഒരു വമ്പൻ കൂട്ടുകുടുംബത്തിലായിരുന്നു ജനനം. പഴശ്ശിരാജയുടെ സേന നയിച്ച തലക്കൽ ചന്തുവിന്റെ പിൻഗാമികളായിരുന്നു കുടുംബക്കാർ. കുടുംബവക നാൽപ്പതേക്കർ ഭൂമിയിലായിരുന്നു കൃഷി.

കുറിച്യരിലെ കൂട്ടുകുടുംബ വ്യവസ്ഥയിൽ അമ്മാവനാണ് മുഖ്യസ്ഥാനം. കുടുംബവും കൃഷിയും സാമ്പത്തിക വ്യവഹാരങ്ങളും നടത്തുന്നതിലെ സർവാധികാരം അവർക്കായിരുന്നു. കൃഷിയായിരുന്നു കുടുംബത്തിന്റെ ഉപജീവന മാർഗം. വീട്ടാവശ്യങ്ങൾക്കുള്ള അരിയും പച്ചക്കറിയും വയലിൽ നിന്ന് കിട്ടും. മഴക്കാലമായാൽ മാനന്തവാടി പുഴ കരകവിയും. ഒഴുക്കിന്റെ വഴിമുറിച്ച് ചന്തയിലേക്ക് പോകാനാകില്ല. അതിനാൽ വിഷു കഴിഞ്ഞാൽ കന്നിമാസം വരെയുള്ള ദിനങ്ങൾക്കു വേണ്ട ഉപ്പുതൊട്ട് കർപ്പൂരം വരെ സ്വരൂപിക്കും.

## വിത്തിടൽ മുതൽ കൊയ്ത്തുത്സവം വരെ

കൃഷിയുമായി ബന്ധപ്പെട്ട് അനേകം ആചാരങ്ങൾ രാമന്റെ കുടുംബം പിന്തുടർന്നുപോന്നു. പ്രകൃതിയും മനുഷ്യരും തമ്മിലുള്ള ബന്ധത്തെ ഊട്ടിയുറപ്പിക്കുന്ന ആചാരങ്ങളായിരുന്നു അവ. വിത്തിടൽ തൊട്ട് കൊയ്ത്തുകാലം വരെ പല ആചാരങ്ങളിലൂടെയും ചടങ്ങുകളിലൂടെയും കർഷകർ കടന്നുപോകും. മകരമാസത്തിലാണ് ഒന്നാംഘട്ടം വിത്തിടുക. മകരം 30നും കുംഭം ഒന്നിനുമായി നടക്കുന്ന ചടങ്ങ് ഉച്ചാൽപ്പിറ്റേന്ന് എന്നു അറിയപ്പെടുന്നു. അതിനാൽ മകരം 25 മുതലുള്ള അഞ്ചു ദിനങ്ങൾ ഇവർക്ക് വളരെ പ്രാധാന്യമുള്ളതാണ്. കുടുംബാംഗങ്ങൾ നോയമ്പ് എടുക്കും. മൂന്നുമുതൽ ആറുമാസം വരെ വിളവുള്ള വിത്തുകളാണ് അന്ന് വിതയ്ക്കുക. വിഷുവിന്റെ പിറ്റേന്ന് രണ്ടാംഘട്ട വിത്തിടൽ. നെൽവിത്തിനാണ് ഈ ഘട്ടത്തിൽ പ്രാമുഖ്യം. കുറിച്യ വിഭാഗക്കാരുടെ പൂജാകർമങ്ങൾക്കുള്ള ചെന്നെല്ല് ആണ് വിതയ്ക്കുന്ന ആദ്യ ഇനങ്ങളിൽ ഒന്ന്. 30-35 ദിവസങ്ങൾ കഴിഞ്ഞ് ഞാറുപറിച്ച് നടുന്ന വിളനാട്ടി ഉത്സവകാലമെത്തും. വിഭവസമൃദ്ധമായ ഭക്ഷണമൊരുക്കി ഈ ദിനങ്ങൾ കർഷകർ കൊണ്ടാടും. ഞാറുനട്ട് ഒരു മാസത്തിനു ശേഷം വയൽപണികൂട്ടൽചടങ്ങ് നടക്കും. വയലിൽ പൂട്ടാനിറക്കിയ കാളകളുടെയും പോത്തിന്റെയും ഉടലിലെ മുറിവുകളിൽ

വെളിച്ചെണ്ണ മഞ്ഞൾ അരച്ച് പുരട്ടും. വളർത്തുമൃഗങ്ങളെയും സഹജീവികളായി കണ്ടിരുന്ന കാലത്തിന്റെ അടയാളമാണ് ഈ ആചാരമെന്ന് രാമൻ ഓർമിച്ചു. അടുത്ത ചടങ്ങ് നെല്ലുപൂജയാണ്. കന്നിമാസത്തിലെ ആയില്യം– മകം നക്ഷത്രങ്ങൾ വരുന്ന ദിനത്തിലാണ് കതിരാകാത്ത നെല്ലിനെ പൂജിക്കുന്ന ചടങ്ങ്. തുലാമാസം പത്തിനാണ് പ്രധാന ഉത്സവമായ പുത്തരി മഹോത്സവം. കർഷകർ രാത്രി വയലിലേക്കിറങ്ങി നെൽക്കതിർ ശേഖരിച്ച് പുലർച്ചെ മൂന്നുമണിക്ക് വീട്ടുപടിക്കൽ വയ്ക്കും. നേരം പുലരുമ്പോൾ കുളിച്ച് വിളക്കു തെളിച്ച് ചന്ദനത്തിരി പുകച്ച് നെൽക്കതിർ അമ്പലത്തിൽ കൊണ്ടുപോയി സമർപ്പിക്കും. സ്വന്തക്കാർക്കും ബന്ധുക്കൾക്കും ഈ കതിര് കർഷകർ സമ്മാനിക്കും. നാട്ടിലെ കുറിച്യരുടെ വടക്കത്തി ഭഗവതി ക്ഷേത്രത്തിലാണ് സമർപ്പണം. ഇതേത്തുടർന്ന് അമ്പലത്തിൽ ഉത്സവം കൊടിയേറും. ചെന്നെല്ലിന്റെ അരികൊണ്ട് ചോറും പായസവുമൊക്കെ അമ്പലത്തിൽ ആ ദിനങ്ങളിൽ ഒരുക്കും.

വൃശ്ചിക മാസത്തിലാണ് കൊയ്ത്തുത്സവം. വിതച്ചതെല്ലാം കൊയ്തെടുത്ത് വീടുനിറയ്ക്കുന്ന കാലം ഉത്സവകാലം തന്നെയെന്ന് രാമൻ ഓർമിച്ചു. കൊയ്ത് കൊയ്ത് വയലിൽ ഒരു തരി നെല്ലുപോലും ഇല്ലാതാകുമ്പോൾ കറ്റകൾ കളത്തിലേക്ക് കൊണ്ടുവരുന്ന കൊയ്തുകൂട്ടൽ ചടങ്ങ് നടത്തും. പിന്നീട് കൃഷി സംരക്ഷിക്കാൻ വയലിൽ കുടിയിരുത്തിയ ഗുളികനെ സന്തോഷിപ്പിക്കുന്ന ചടങ്ങാണ്. അവലും മലരും തേങ്ങയും പഴവുമെല്ലാം വയലിൽ ഗുളികന് സമർപ്പിക്കും. വൈകിട്ട് ഏഴുമണിയോടെ മഞ്ഞളിൽ ചുണ്ണാമ്പ് ചേർത്ത് മഞ്ഞക്കുരുതിയും കരി പൊടിച്ചുചേർത്ത് വെള്ളത്തിൽ കലക്കി കരിങ്കുരുതിയും നൽകും. കത്തുന്ന എണ്ണത്തിരികൾ വയലിനെ വെളിച്ചത്തിന്റെ തുരുത്താക്കി മാറ്റും. രാത്രി എട്ടുമണിക്കുമുമ്പ് ഈ ചടങ്ങ് അവസാനിക്കും. നെൽകൃഷികാലം കഴിയുന്നതോടെ പയർവർഗങ്ങളും വെള്ളരിയും എള്ളും ചേമ്പും മത്തനുമൊക്കെയുള്ള പച്ചക്കറി കൃഷിയുടെ കാലമാകും.

1975ൽ കൂട്ടുകുടുംബത്തിന്റെ കാരണവരായ അമ്മാവന് സുഖമില്ലാതായി. എല്ലാകാര്യങ്ങളും നോക്കി നടത്താൻ കഴിയാതായപ്പോൾ ആ സ്ഥാനം രാമൻ ഏറ്റെടുത്തു. ഇതിനിടയിൽ വിവാഹവും കഴിഞ്ഞു. അമ്മാവൻ കണ്ടിഷ്ടപ്പെടുന്ന പെണ്ണിനെ വിവാഹം കഴിച്ചുവെന്നു പറയാം. അതാണ് ഞങ്ങളുടെ രീതിയെന്ന് രാമൻ. ഭാര്യ ഗീത. നാലുമക്കൾ; രമണി, രമേശൻ, രാജേഷ്, രജിത. ഇവർക്കും കൃഷിയിൽ താല്പര്യമുണ്ട്. എന്നാലും ബാല്യത്തിൽ ഞങ്ങളുടെ തലമുറയിലുള്ളവർക്ക് കൃഷിയോടുണ്ടായിരുന്ന താല്പര്യം ഇന്നത്തെ തലമുറയ്ക്കില്ലെന്നാണ് രാമന്റെ അഭിപ്രായം. അതിനാൽത്തന്നെ തലമുറയായി കൈമാറിക്കിട്ടിയ അറിവുകളും വിത്തുകളും ആർക്കു കൈമാറണമെന്ന ആശങ്കയും ഈ കർഷകനുണ്ട്.

അത്യുല്പ്പാദനശേഷിയുള്ള വിത്തുകൾ വയലുകൾ പിടിച്ചടക്കിയ കാലത്ത് സ്വന്തം കീശയിൽ നിന്ന് പണമെടുത്താണ് ഈ പ്രകൃതിദത്ത വിത്തുകൾ രാമൻ വിതച്ചുപോറ്റുന്നത്. അതിൽ ഈ അറുപത്തഞ്ചുകാരന് അഭിമാനവുമുണ്ട്. "കോടികൾ മുടക്കിയാലും ഇനി തിരിച്ചുകിട്ടില്ലല്ലോ ഇല്ലാതായ നമ്മുടെ വിത്തുകൾ. അതിനാൽ ശേഷിച്ച വിത്തുകളെങ്കിലും സൂക്ഷിക്കണം. അതെന്റെ കർമമാണ്"– ഒരു വയനാട്ടുകാരന്റെ നിഷ്കളങ്കതയും നിശ്ചയദാർഢ്യവും നിറഞ്ഞ വാക്കുകളോടെ രാമൻ പറഞ്ഞുനിറുത്തി. ●



കെ.എം. ഹിലാൽ രാമനൊപ്പം

### രാമനെക്കുറിച്ച് പ്രകൃതിദത്ത കൃഷി പ്രചാരകൻ കെ.എം. ഹിലാൽ

ഞങ്ങളെ തമ്മിലടുപ്പിച്ചത് സുഭാഷ് പാലേക്കറാണ്. തൃശ്ശൂരിൽ ഞങ്ങൾ ഒരു കാർഷിക പരിപാടി സംഘടിപ്പിച്ചു. ആ പരിപാടി ഉദ്ഘാടനം ചെയ്യാൻ ഒരു നല്ല കൃഷിക്കാരനെ ഞങ്ങൾ തെരഞ്ഞുനടന്നു. അങ്ങനെയാണ് രാമനെ കണ്ടെത്തുന്നത്. അങ്ങനെ വയനാട്ടിൽ നിന്ന് തൃശ്ശൂരിലേക്ക് ക്ഷണിച്ചു. അടുത്തിടെ എറണാകുളത്തു നടന്ന ഞങ്ങളുടെ അരിമേളയുടെ ഉദ്ഘാടകനും രാമൻ ആയിരുന്നു. അരിമേളയിൽ അദ്ദേഹം കാത്തുസൂക്ഷിക്കുന്ന വിത്തുകളുടെ അരിയും പ്രദർശിപ്പിച്ചു. ●



An article about Cheruvayal Raman in Malayalam weekly



# സ്നേഹപൂർവ്വം

നമ്മുടെ നാടിനെക്കുറിച്ച് അഭിമാനം തോന്നിക്കുന്ന ഒരു വിസ്മയകരമായ പ്രവർത്തനം വയനാട്ടിലെ പനവല്ലിയിൽ നടക്കുന്നുണ്ട്. 'തണൽ'എന്ന സംഘടനയുടെ നേതൃത്വത്തിൽ 198 നെൽവിത്തിനങ്ങൾ അവിടെ കൃഷിയിറക്കി സംരക്ഷിക്കുന്നുണ്ട്. ഇതിൽ 170 ലധികം തനി നാടൻ നെൽവിത്തിനങ്ങളുമാണ്. ചിലത് പൂക്കുന്നു. ചിലത് വിത്തിൽ പാലുറച്ചിരിക്കുന്നു. ചിലത് കൊയ്യാനായി മൂപ്പെത്തി നിൽക്കുന്നു. മൂപ്പെത്തിയവയിൽ തന്നെ പാടത്ത് വീണ് കിടക്കുന്നവയുമുണ്ട്. തലക്കനമുണ്ടെങ്കിലും നിവർന്നു നിൽക്കുന്നവയുമുണ്ട്. വിത്തിന്റെ നിറത്തിലും ആകൃതിയിലും ഭാരത്തിലുമുണ്ട് വ്യത്യാസം. നല്ല കറുത്ത വിത്തുണ്ട്. ഉമിനീക്കിയാൽ വെളുപ്പ്. സ്വർണ്ണ നിറത്തിലുള്ളവയുടെ ഉമി നീക്കുമ്പോൾ അകത്ത് ചിലതിന് തവിട്ടുനിറം. തണ്ടിനുമുണ്ട് ഒട്ടനവധി വ്യത്യാസങ്ങൾ. അല്ലിക്കണ്ണനെന്നും, മാലക്കണ്ണനെന്നും, കറുത്തഅല്ലി കണ്ണനെന്നും പരമ്പരയാ വിളിക്കുന്നതു തന്നെ തണ്ടിലെ കുറിക്കൂട്ടുകൾ നോക്കിയാണ്. ഇളം പച്ചയും കടുംപച്ചയും കറുത്തതും നീലിമയാർന്നതുമായ ഇലകൾ. ചില കതിരുകളിൽ ഇരുന്നൂറിലേറെയുണ്ട് വിത്തുകൾ. ഓരോ മുളയിലും 50 ലേറെ ചിനപ്പുകൾ. ജീരകശാലയുടെ നേർത്ത വിത്തുകളുടെ കനം കുടി കുലഞ്ഞുള്ള നിൽപ്പ് ഒരിക്കലും മറക്കാൻ കഴിയില്ല. എല്ലാം ജൈവരീതിയിൽ കൃഷിചെയ്തത്. അതിനാൽ പാടവരമ്പത്ത് നിന്ന് ഒരു നെന്മണി പറിച്ചെടുത്ത് വായിലിട്ട് കൊറിച്ച് ബാല്യത്തിന്റെ സൗന്ദര്യമുള്ള കാലത്തിലേക്ക് ഒരു നിമിഷം പറന്നു പോയി.

കൃഷി നിലനിൽക്കാൻ, ലാഭകരമാക്കാൻ അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ വേണം, രാസവളങ്ങൾ വേണം, കീടനാശിനികളും, കളനാശിനികളും വേണം എന്നൊക്കെ ഇപ്പോഴും പ്രചരിപ്പിക്കുന്ന ഈ നാട്ടിൽ പനവല്ലിയിലെ ഈ അമൂല്യമായ പ്രവർത്തനം അറിയാൻ ഒട്ടനവധി പേർ എത്തുന്നുണ്ടെന്നതും സന്തോഷം പകരുന്നു. വിത്തുകളുടെ സംരക്ഷണം, അവ കൃഷിചെയ്തുകൊണ്ടുള്ള വിത്തിന്റെ അളവ് വർദ്ധിപ്പിക്കലും പ്രദർശനവും, വിത്തുകൾ കൃഷി ചെയ്യാനും ആഹാരത്തിനും വേണ്ടി നൽകൽ ഇതൊക്കെ വളരെ ശ്രമകരമായ പ്രവർത്തനമാണ്. ഇതൊരു സാംസ്കാരിക പ്രവർത്തനമാണ്, രാഷ്ട്രീയ പ്രവർത്തനമാണ്.

ആഹാരമാണ് ആരോഗ്യം, ആഹാരത്തിൽ നഞ്ച് കലർത്തുമ്പോൾ പട്ടുപോകുന്നത് ആരോഗ്യമാണ്. വയലിൽ സഞ്ചയിക്കുന്നത് വിഘടീകരിക്കുന്നത് വയറിലാണ്. പഞ്ചഭൂതങ്ങളെ 'അന്ന'മാക്കി മാറ്റുന്ന യജ്ഞശാലയാണ് വയൽ, 'അന്ന'ത്തെ പഞ്ചഭൂതമാക്കി മാറ്റുന്ന ഹോമകുണ്ഡമാണ് വയർ. വയൽ സംയോജനമാണെങ്കിൽ വയർ വിമോചനമാണ്. ഈ സംയോജന-വിമോചന, വയൽ-വയർ ബന്ധങ്ങളിൽ അധിഷ്ഠി

സൂചീമുഖി/2014 ഡിസംബർ 3

തമാണ് ജീവൻ. അതിന്റെ പ്രതീകമാണ് വിത്ത്. വിത്ത് എടുത്ത് ഉണ്ണാതിരുന്നതും, വിത്ത് കുത്താതെ സംരക്ഷിച്ചതും, ഈ അറിവിൽ നിന്നാണ്. അറിവിന്റെ നിറവിലാണ് വിത്ത് പൊലിഞ്ഞിരുന്നത്.

പനവല്ലിയിലെ വയൽ വരമ്പിൽനിന്ന് നെല്ല് കൊറിക്കുമ്പോൾ മറ്റൊരു കഥകൂടി ഓർത്തുപോയി. 1950കളിൽ അത്യുൽപ്പാദനശേഷിയുള്ള നെൽ വിത്തിനങ്ങൾ ഉണ്ടാക്കാനെന്ന പേരിൽ അമേരിക്ക വൻതോതിൽ ഏഷ്യൻ രാജ്യങ്ങളിൽ ഗേവഷണത്തിന് പണമിറക്കിയതിനെക്കുറിച്ച്. ഇന്ത്യയിലെങ്ങും സഞ്ചരിച്ച് കർഷകരുമായി ബന്ധപ്പെട്ട് ശേഖരിച്ച 19000 നെൽ വിത്തിനങ്ങളുടെ 'ജേംപ്ലാസം'-വിത്ത് കലവറ ഡോ.ആർ.എച്ച്. റിച്ചാരിയയിൽ നിന്ന് ഭീകരമായി തട്ടിയെടുത്ത് മാനിലയിലെ അന്താരാഷ്ട്ര നെല്ല് ഗവേഷണകേന്ദ്രത്തിന് ഡോ.എം.എസ്.സ്വാമിനാഥൻ കൈമാറിയ ഏറ്റവും ഭീകരമായ ജനിതക കവർച്ചയുടെ കഥ. ആറ് വർഷം കഴിയുമ്പോൾ മാനിലയിൽനിന്ന് 'മാന്ത്രികവിത്തുകൾ' ഏഷ്യയിലെ പാടങ്ങളിലെത്തുകയും ചെയ്തു. ലോകത്തിലെ ഏറ്റവും വലിയ വിത്തുശേഖരമുണ്ടാക്കിയ സസ്യശാസ്ത്രജ്ഞനായ വാവ്ലോവിനെ സ്റ്റാലിൻ യുഗത്തിൽ പട്ടിണിക്കിട്ട് കൊല്ലുകയായിരുന്നു. മനുഷ്യന്റെ വിശപ്പില്ലാതാക്കാൻ ജീവിതം മുഴുവൻ വിത്തുകൾ തേടിനടന്ന വാവ്ലോവിനെ സ്റ്റാലിൻ കൊന്നത് ട്രോംഫി ലിസൻകോ എന്ന മറ്റൊരു കൃഷിവിദഗ്ദ്ധന്റെ പ്രേരണയാലായിരുന്നു. വിപ്ലവാനന്തര സോവിയറ്റ് യൂനിയനിൽ കൂട്ടുകൃഷിയെക്കുറിച്ച് വിവരമില്ലാത്ത നാടൻകൃഷിക്കാരെ ഗുലാഗിലേക്കയച്ചത് മറ്റൊരു കഥ.

ഇപ്പോൾ വിത്തുകൾ സൂക്ഷിക്കുന്നത് ആർക്ടിക്കിലെ മഞ്ഞ് മലകൾക്കടിയിലാണ്. ആറുമാസക്കാലം പ്രകാശത്തിന് നിലാവ് മാത്രം ലഭിക്കുന്നൊരിടത്ത്. ലോകത്തെ 1400 ജീൻ ബാങ്കുകളിൽനിന്ന് തികച്ചും വ്യത്യസ്തമായ ഒരു അവസ്ഥയിൽ. ഇവിടത്തെ ഭക്ഷ്യാവശ്യത്തിന് മാത്രമായുള്ള വിത്ത് കലവറയിൽ ഇന്ത്യയുടെ സംഭാവന കേട്ടാൽ അന്തം വിട്ടുപോകും. അറുപതിനായിരം സാമ്പിൾസ്! മൊത്തമുള്ളത് 69000 സാമ്പിൾസ്.

മുത്താറിയിൽനിന്ന് പന്ത്രണ്ട് ആഹാരകൂട്ടുകളുണ്ടാക്കി വിപണിയിലിറക്കവേ ബംഗലൂരുവിൽ ഡോ:എം.എസ്.സ്വാമിനാഥൻ ഇങ്ങിനെ പറഞ്ഞു. “ഇത് പൂർണ്ണമായും ഇന്ത്യയിൽ ഉല്പാദിപ്പിച്ച (Make in India) ഒരു ഉല്പന്നമാണ്. ഇതിന് അതിസമ്പന്നമായ പോഷകമൂല്യമാണുള്ളത്. മുത്താറിയിൽനിന്ന് മികച്ച ആഹാരകൂട്ടുകളുണ്ടാക്കുന്ന അനേകം സ്ഥാപനങ്ങൾ നമുക്ക് ഉണ്ടാകണം.” മുത്താറി, ചാമ, വരക്, ചോളം, തിന തുടങ്ങി വൈവിധ്യമാർന്ന ധാന്യങ്ങൾ സാധാരണക്കാരന്റെ ഭക്ഷ്യശീലത്തിൽനിന്ന് അടർത്തിമാറ്റി ഈ വിത്തുകളെല്ലാം അന്യമാക്കി ഹരിത വിപ്ലവത്തിന് നേതൃത്വം കൊടുത്ത ശാസ്ത്രജ്ഞാ, പനവല്ലിയിലെ പാടവരമ്പത്ത് നിന്നുകൊണ്ട് ചോദിക്കട്ടെ ഈ വയലുകലളിൽ ഈ വിത്തുകളൊക്കെ എന്നാണ് എത്തിച്ചേരുക? ഈ പാടങ്ങൾക്ക് അവ ആരാണ് അന്യമാക്കിയത്?

ഒരു മണിവിത്ത്. എന്താണതിന്റെ വാണിജ്യമൂല്യം? അതെനിക്കറിയില്ല. അത് ഒരു പ്രതീകമാണ്, ഇന്നലെകളിലൂടെ സഞ്ചയിച്ചെടുത്ത് നാളേക്ക് കൈമാറേണ്ട ജീവന്റെ സൗന്ദര്യമയമായ ഒരു സമ്മാനം. അതിൽ നഞ്ച് കലർത്തരുതേ എന്ന് മാത്രം പ്രാർത്ഥന•



Article about Thanal Panavally Agro Ecology Center in Soocheemukhi Magazine